ദേശാഭിമാനി 11 May 2022

# മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ് വേണം

കൊച്ചി

കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് സമുദ്രനിരപ്പ് ഉയരുന്നതും പ്രകൃതിദുരന്തങ്ങളും വർധിക്കുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ് നടപ്പാക്കണമെന്ന ആവശ്യവുമായി രാജ്യാന്തര സിമ്പോസിയം.

സിഎംഎഫ്ആർഐ, ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർഗവൺമെന്റൽ ഓർഗനൈസേഷൻ, തമിഴ്നാട് ഫിഷറീസ് സർവകലാശാല എന്നിവ സംയുക്തമായി ലോകബാങ്കിന്റെ സഹകരണത്തോടെ നടത്തിയ രാജ്യാന്തര സിമ്പോസിയത്തിലാണ് ഈ ആവശ്യമുയർന്നത്. കേരളത്തിൽ ഉൾപ്പെടെ സമുദ്ര മത്സ്യബന്ധന മേഖലയിൽ ഇൻഷുറൻസ് കാര്യക്ഷമമല്ലെന്നും പ്രത്യേക ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കണമെന്നും വിദഗ്ധർ പറഞ്ഞു. പ്രത്യേക സൂചിക ഇൻഷുറൻസ് പരിരക്ഷയാണ് വേണ്ടത്. ആദ്യഘട്ടം ഇൻഷുറൻസ് പ്രീമിയം അടയ്ക്കാൻ സബ്സിഡി ഏർപ്പെടുത്തണമെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടി.

നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഡോ. സി സുവർണ സിമ്പോസിയം ഉദ്ഘാടനം ചെയ്തു. തമിഴ്നാട് ഫിഷറീസ് കമീഷണർ ഡോ. കെ എസ് പളനിസ്വാമി, ഐസിഎആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ കെ ജെന, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.